# Deepika

## 27 July 2018

## Kottayam; Flood Hit, Flood relief



## പ്രളയമേഖലയിൽ ആശ്വാസമായി കാഞ്ഞിരപ്പള്ളി രൂപതയും മലനാടും

**ചങ്ങനാശേരി അതിരൂപത വഴിയും മലനാട് അവശ്യവസ്തുക്കൾ എത്തിക്കുന്നുണ്ട്**

**കോട്ടയം:** കുട്ടനാട് പ്രദേശത്തുണ്ടായ പ്രളയ ബാധിതർക്കു കാരുണ്യ സ്പർശവുമായി കാഞ്ഞിരപ്പള്ളി രൂപതയും സോഷ്യൽ സർവീസ് വിഭാഗമായ പാറത്തോട് മലനാട് ഡെവലപ്മെൻറ് സൊസൈറ്റിയും.

രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കലിന്റെ നിർദേശപ്രകാരം കാഞ്ഞിരപ്പള്ളി രൂപതയിലെ സോഷ്യൽ സർവീസ് സൊസൈറ്റിയായ പാറത്തോട് മലനാട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലനാടിന്റെ വിവിധ ഉത്പന്നങ്ങളാണ് സൗജന്യമായി എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുന്നത്. മലനാടിന്റെ പുളിങ്കുന്ന് ഏജൻസിയായ പി.കെ. ബേബിച്ചൻ പുത്തൻപറമ്പ്, മാമ്പുഴക്കരി ഏജൻസിയായ ജയിംസ് ബി. ചെമ്പിലായിൽ, അയ്മനം ഏജൻസിയായ ജോമോൻ ജോർജ് പുന്നക്കാട്ടിൽ എന്നിവർ മുഖേനെയാണ് ബ്രഡ്, റസ്ക്, തേയില, കാപ്പിപ്പൊടി, കുട്ടികൾക്കുള്ള പാൽപ്പൊടി, കുപ്പിവെള്ളം, പാൽ, തൈര് എന്നിവ ദിവസേന എത്തിച്ചുനൽകുന്നത്. ചങ്ങനാശേരി അതിരൂപത വഴിയും മലനാട് ദുരന്തബാധിതർക്കു അവശ്യവസ്തുക്കൾ എത്തിക്കുന്നുണ്ട്.

മലനാട് ഡെവലപ്മെൻറ് ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ, അസിസ്റ്റൻറ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കിളിരൂപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിലാണു സഹായപ്രവർത്തനങ്ങൾ. മലനാടിന്റെ നേതൃത്വത്തിൽ രൂപതയിലെ വിവിധ ഇടവകകളും സംഘടനകളും നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് എത്തിക്കുന്നുണ്ട്.